# പട്ടണം രാജ്യത്തെ ഏറ്റവും പുരാതന വിദേശവ്യാപാര കേന്ദ്രം

ജിജോ ജോൺ പുത്തേഴത്ത്

കൊച്ചി: വടക്കൻ പറവൂരിലെ പട്ടണം (പഷ്ണം) പ്രദേശം ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള ഇന്ത്യ–റോമൻ വാണിജ്യ കേന്ദ്രമാണെന്നു ശാസ്ത്രീയമായി കണ്ടെത്തി. യുഎസിലെ ജോർജിയ സർവകലാശാലയിൽ നടത്തിയ കാലനിർണയത്തിലാണ് ഇതു വ്യക്തമായത്.

പട്ടണം പ്രദേശത്ത് 2007ൽ ഉദ്ഖനനം ചെയ്തെടുത്ത വഞ്ചി, മരക്കുറ്റികൾ, ചിരട്ട എന്നിവയ്ക്ക് 2065 വർഷത്തെ പഴക്കമാണു കണക്കാക്കുന്നത്. വഞ്ചി നിർമ്മിച്ച ആഞ്ഞിലി മരം, തേക്കിൻകുറ്റി എന്നിവ ബിസി 56– എഡി 08 വർഷങ്ങൾക്കിടയിൽ കാലപഴക്കമുള്ളവയാണ്. ചിരട്ടയ്ക്ക് എഡി 17–72 വർഷത്തെ പഴക്കവുമുണ്ട്. ചരിത്രവസ്തുക്കളുടെ കാലനിർണയത്തിനു പ്രയോജനപ്പെടുത്തുന്ന ഉന്നത നിലവാരമുള്ള കാർബൺ ഡേറ്റിങ്, ഐസോടോപ് പഠന സൗകര്യമുള്ള സർവകലാശാലയാണു ജോർജിയ. കേരള ചരിത്രഗവേഷണ കൗൺസിൽ ഡയറക്ടർ ഡോ.പി.ജെ.ചെറിയാന്റെ ശ്രമഫലമായാണ് ജോർജിയ സർവകലാശാലയിൽ ഇതു സംബന്ധിച്ച പഠനങ്ങൾക്ക് അവസരം ഒരുങ്ങിയത്.



പട്ടണം ഉദ്ഖനനത്തിൽ മൂന്നു മീറ്റർ താഴ്ചയിൽ കണ്ടെത്തിയ ഒറ്റത്തടി വഞ്ചി (ഫയൽചിത്രം).

കേരളത്തിനു റോമാക്കാരുമായുള്ള വാണിജ്യബന്ധത്തിന്റെ ചെറുതും വലുതുമായ തെളിവുകൾ തൃശൂർ ചേറ്റുവ മുതൽ കൊച്ചി വരെയുള്ള തീരപ്രദേശത്തുനിന്നു ലഭിച്ചിട്ടുണ്ട്.

ജോർജിയ സർവകലാശാലയിലെ ഇന്ത്യൻ ശാസ്ത്രജ്ഞരായ ഡോ.രവി പ്രസാദ്, ഡോ.കൗശിക്ദത്ത എന്നിവരുടെ നേതൃത്വത്തിലാണ് അക്സലറേറ്റർ മാസ് സ്പെക്ട്രോമെട്രി(എഎംഎസ്) എന്നറിയപ്പെടുന്ന ജൈവവസ്തു കാലനിർണയ പരിശോധന നടത്തിയത്. കേരള ചരിത്രഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പുരാതന മുസീരിസ് തുറമുഖ നഗരം കണ്ടെത്താൻ നടത്തിയ ഗവേഷണങ്ങൾക്കു ലഭിച്ച വലിയ അംഗീകാരമാണു ജോർജിയ സർവകലാശാലയുടെ പഠന റിപ്പോർട്ട്.

പട്ടണം പ്രദേശത്തെ ഉദ്ഖനനത്തിൽ മൂന്നു മീറ്റർ താഴ്ചയിലാണ് ഒറ്റത്തടി വഞ്ചി, കടവ്, വഞ്ചികെട്ടാനുള്ള തേക്കിൻ കുറ്റികൾ, ചിരട്ട, വടം, കുരുമുളക്, ഏലം, കുന്തിരിക്കം, അരി എന്നിവ നശിക്കാത്ത അവസ്ഥയിൽ കണ്ടെത്തിയത്.

റോമൻ വീഞ്ഞുപാത്രങ്ങളുടെ ആയിരത്തിലധികം കമ്പോടുകൾ, മുന്തിയ ഇനം സ്ഫടിക പാത്രങ്ങൾ, കളിമൺപാത്രങ്ങൾ, റോമൻ സ്ഥാനിക മുദ്രകൾ, ലോഹആഭരണങ്ങൾ, വർണക്കൽ മുത്തുകൾ എന്നിവയും പട്ടണം ഉദ്ഖനനത്തിൽ കണ്ടെത്തിയിരുന്നു.